**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംസ്ഥാനത്ത് നിലവിലുള്ള അപേക്ഷാ ഫോമുകളിലെ ലിംഗപദവിയിൽ സ്ത്രീ/പുരുഷൻ എന്നതിന് പുറമെ "മറ്റുള്ളവർ" (others) എന്നു ചേർക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.477/2018/സാനീവ തീയതി, തിരുവനന്തപുരം 08.08.2018**

---

പരാമർശം: (1)22.09.2015 ലെ സ.ഉ(കൈ)നം.61/2015/സാനീവ സർക്കാർ ഉത്തരവ്

(2)ബഹു.ഹൈക്കോടതിയിൽ അനു ബോസ് @ റ്റി.ബി.ഉമേഷ് ഫയൽ ചെയ്ത 32489/2017 നമ്പർ റിട്ട് പെറ്റീഷൻ

(3) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 19.03.2018 ലെ സി2-36076/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർ പൊതു പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ട്രാൻസ് ജെന്റർ/മറ്റുള്ളവർ എന്ന് രേഖപ്പെടുത്തുന്നതിനായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ബഹു.ഹൈക്കോടതി മുമ്പാകെ പരാമർശം (2) പ്രകാരം റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി ഉന്നത തലത്തിൽ യോഗം ചേരുകയും ആയതനുസരിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് തീർപ്പാക്കുന്നതിനായി " Kerala Interpretation and General Clause Act 1125" ലെ സെക്ഷൻ 12(1) ഭേദഗതി ചെയ്യുന്നതിനായി ശുപാർശ സമർപ്പിക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയുമുണ്ടായി. ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെടുന്നവർ സമൂഹത്തിൽ നേരിടുന്ന വിവിധ പ്രശ്നങ്ങളെ ക്രിയാത്മകമായി പരിഹരിക്കുന്നതിനായി പരാമർശം (1) പ്രകാരം സംസ്ഥാനത്ത് ട്രാൻസ്ജെന്റർ പോളിസി നടപ്പാക്കിയിട്ടുണ്ട്, ഈ വിഭാഗത്തിൽപ്പെട്ടവർക്കായി സർക്കാർ വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾക്കും സേവനങ്ങൾക്കും അപേക്ഷിക്കുമ്പോൾ സ്വത്വം വെളിപ്പെടുത്താൻ കഴിയാത്തതിനാൽ ബുദ്ധിമുട്ടുകൾ നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പബ്ലിക സർവീസ് കമ്മീഷൻ മുഖേന അപേക്ഷ സമർപ്പിക്കുമ്പോൾ Male/Female എന്നതിന് പുറമെ മൂന്നാം ലിംഗം/മറ്റുള്ളവർ എന്ന് ചേർക്കുന്നതിന് പകരം ട്രാൻസ്ജെന്റർ എന്ന് ചേർക്കുന്നതിനും ആയതിന് സാമൂഹ്യനീതി വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡുള്ള ട്രാൻസ്ജെന്റർമാരെ മാത്രം പരിഗണിക്കാമെന്നും കേന്ദ്ര സർക്കാരിന്റെ "The Transgender Persons (Protection of Rights) Bill 2016" ബില്ല് നിയമമാകുമ്പോൾ ആയതിന് വിധേയമായി ആവശ്യമെങ്കിൽ ഭേദഗതികൾ വരുത്താവുന്നതാണെന്നും പരാമർശം (3) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതിയിൽ പരാമർശം (2) ഫയൽ ചെയ്ത കേസ്സ് പരിഗണിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലെയും/പൊതുമേഖല/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെയും, സേവനങ്ങൾക്കായുള്ള അപേക്ഷ ഫോമുകളിൽ ലിംഗ പദവി വ്യക്തമാക്കുന്നതിന് സ്ത്രീ/പുരുഷൻ എന്നതിനൊപ്പം "മറ്റുള്ളവർ" ("others") എന്ന കോളം കൂടി നിർബന്ധമായും ചേർക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഇത് സംബന്ധിച്ച് " Kerala Interpretation and General Clause Act 1125" ലെ സെക്ഷൻ 12(1) ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ബിജു പ്രഭാകർ ഐ.എ.എസ്**
**സ്പെഷ്യൽ സെക്രട്ടറി**

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസ് മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് മുഖാന്തിരം)
സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും
രജിസ്ട്രാർ കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
ഗവർണ്ണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് കത്ത് നം.ഒ&എം(1)/54299/2018/ഡി.പി.ഐ തീയതി.11/10/2018.

സർക്കാർ ഉത്തരവ് അറിവിലേയ്ക്കും അടിയന്തിര നടപടി സ്വീകരിക്കുന്നതിനുമായി നൽകുന്നു.

ഒപ്പ്
എൻ.പി.ഗീതാകുമാരി
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്
ഒ&എം സെക്ഷൻ

സ്വീകർത്താവ്:-

1. സെക്രട്ടറി, പരീക്ഷാഭവൻ.
2. ടെക്സ്റ്റ് ബുക്ക് ഓഫീസർ.
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

പകർപ്പ്:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (സി.എ മുഖാന്തിരം)
2. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ജനറൽ/അക്കാഡമിക്. (സി.എ മുഖാന്തിരം)
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ. (സി.എ മുഖാന്തിരം)
4. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും.
5. എല്ലാ സൂപ്രണ്ടുമാർക്കും.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.